Syro Malabar Commission for Liturgy

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



# മർത്ത് ശ്മോനിയും അവളുടെ ഏഴ് മക്കളും

CHRISTIAN MUSICOLOGICAL SOCIETY OF INDIA

സീറോമലബാർ ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്, കാക്കനാട്

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

Syro Malabar Commission for Liturgy

# മർത്ത് ശ്മോനിയും അവളുടെ ഏഴ് മക്കളും



വിശ്രുതസഹദാമാരുടെ ചുടുനിണം വീണ് കുതിർന്ന മണ്ണിൽ വളർന്ന് പന്ത ലിച്ച് ഫലം ചൂടി നില്ക്കുന്ന സഭയാകുന്ന മഹാതരുവിനെ വളർത്തുന്ന, 'വിസ്മയ നീയ രഹസ്യ'ത്തെക്കുറിച്ച് ധ്യാനിക്കുന്ന കൈത്താക്കാലം അഞ്ചാം വെള്ളിയാഴ്ച സഭാവൃക്ഷത്തിന്റെ അതിസ്വാദിഷ്ടമായ അഷ്ടഫലങ്ങളുടെ രുചി നുകരാനാണ് നാം ക്ഷണിക്കപ്പെട്ടിരിക്കുന്നത്. കാരണം, അന്നേ ദിവസം സഹദാമാരായ മർത്ത് ശ്മോനിയുടെയും അവളുടെ ഏഴു മക്കളുടെയും ദീപ്തസ്മരണ നാം അനുസ്മരിക്കു ന്നു. ബി.സി. രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അന്തിയോക്കസ് എപ്പിഫാനസിനാൽ ക്രൂരമായി പീഡിപ്പിക്കപ്പെട്ട് രക്തസാക്ഷിത്വമകുടം ചൂടിയ ധീരവിശുദ്ധ രാണ് സഭാമാതാവിന്റെ കിരീടത്തിൽ പതിപ്പിക്കപ്പെട്ടിരിക്കുന്ന ഈ അഷ്ഠരത്ന ങ്ങളെന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല.

മക്കബായരുടെ രണ്ടാം പുസ്തകം ഏഴാം അധ്യായത്തിൽ വിവരിക്കുന്ന ഈ അമ്മയുടെയും മക്കളുടെയും ചരിത്രം വായിക്കുന്ന ആരിലും ഏകദൈവത്തിലുള്ള വിശ്വാസത്തിനുവേണ്ടി ജീവൻ നല്കാനുള്ള തീക്ഷ്ണത ഉജ്ജ്വലിക്കുമെന്നത് തീർച്ച യാണ്. യഹൂദർക്ക് നിഷിദ്ധമായിരുന്ന പന്നിമാംസം ഭക്ഷിക്കാൻ അന്തിയോക്കസ് രാജാവിനാൽ നിർബന്ധിക്കപ്പെട്ടപ്പോൾ ഈ അമ്മയും മക്കളും അതിന് തയ്യാറാവാതിരുന്നതിനാൽ നിഷ്ഠൂരപീഡനങ്ങൾക്ക് ഏല്പിക്കപ്പെട്ടു. ധീരമാതാവായ ശ്മോനിയുടെ കൺമുമ്പിൽ തങ്ങളുടെ വിശ്വാസത്തിൽനിന്ന് അണുവിടമാറാതെ മൂത്തവൻ മുതൽ ഇളയവൻവരെ ജീവനർപ്പിച്ച് സഹദാമാരായി. മിശിഹായ്ക്ക് നൂറ്റാ ണ്ടുകൾക്ക് മുമ്പ് ജീവിച്ചിരുന്നവരെങ്കിലും വിശ്വാസത്തിനു വേണ്ടിയുള്ള പോരാട്ട ത്തിൽ തങ്ങൾ മരിച്ചാലും ജീവിക്കുമെന്ന ദൃഢവിശ്വാസം പ്രകാശിപ്പിച്ച അവർ രക്ത സാക്ഷിത്വം വഴി മാമ്മോദീസായും ദൈവികപ്രത്യാശവഴി സഭയുടെ വിശുതസഹദാ മാരുമായിത്തീർന്നു.

മക്കബായരുടെ പുസ്തകത്തിൽ പേരില്ലാത്തവരായി കാണപ്പെടുന്ന ഈ അമ്മയും മക്കളും സുറിയാനി സഭയ്ക്ക് എന്നും പ്രിയപ്പെട്ടവരും അമൂല്യരുമാണ്. നമ്മുടെ സഭയുടെ യാമനമസ്ക്കാരങ്ങളിൽ ഇവർക്ക് നാമം നല്കപ്പെട്ടിരിക്കുന്നു. ശ്മോനിയും അവളുടെ മക്കളായ ഗദ്ദൈ, മഖ്ബ, തർസൈ, ഹെപ്രോൻ, ഹെവ്സോൻ, ബാക്കോസ്, യോനാദാവ് എന്നിവരെ കൈത്താഅഞ്ചാം വെള്ളിയിലെ യാമപ്രാർഥനകളിൽ പേരെടുത്തു പറഞ്ഞ് കീർത്തിക്കപ്പെടുന്നുണ്ട്. എല്ലാ ദിവസവും നമ്മുടെ യാമപ്രാർഥനയിലെ സഹായാഭ്യർത്ഥനയിൽ (ഉദ്റാനയിൽ) മർത്ത് ശ്മോനി യുടെയും മക്കളുടെയും മാദ്ധ്യസ്ഥ്യം നാം തേടുന്നുണ്ട്. സുറിയാനിസഭയുടെ ശൈശവം മുതലേ മർത്ത് ശ്മോനിയോടുള്ള ഭക്തി വിശ്വാസികൾ പുലർത്തിപോന്നു. കേരളത്തിലും സ്ഥിതി വിഭിന്നമല്ല. നമ്മുടെ പല പുരാതന പള്ളികളും ശ്മോനിയമ്മ യുടെ നാമത്തിൽ പണി കഴിയിക്കപ്പെട്ടിട്ടുണ്ട്. ശ്മോനിയുടെ നാമം പേറുന്നവരും നമുക്കിടയിലുണ്ട്. സുറിയാനി സഭാപിതാക്കന്മാരായ അഫ്രാത്തും മാർ അപ്രേമും, അന്ത്യോക്യായിലെ മാർ യാക്കോബും, സാരൂഗിലെ മാർ യാക്കോബുമൊക്കെ ഈ അമ്മയേയും മക്കളേയും തങ്ങളുടെ കൃതികളിൽ കീർത്തിക്കുന്നുണ്ട്.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

‘വിശ്വാസം’ എന്നത് മൂന്നക്ഷരം മാത്രമുള്ള ഒരു നാമമായി പരിഗണിക്കപ്പെടുന്ന ആധുനിക കാലത്ത് ഈ സഹദാമാരുടെ ജീവിതസാക്ഷ്യം നമുക്കൊരു വെല്ലുവിളിയാണ്. വിശ്വാസത്തിനുവേണ്ടി ജീവൻ സമർപ്പിക്കാനുള്ള പോരാട്ടത്തിൽ പരസ്പരം പ്രോത്സാഹിപ്പിക്കുന്ന ഇവരുടെ ധീരവചസ്സുകൾ ഇന്നും സഭാമക്കളുടെ കാതുകളിൽ മുഖരിതമാകുന്നുണ്ട്. ഒറ്റ ദിവസം സ്വന്തം കൺമുന്നിൽ ഏഴു പുത്രന്മാർ വിധിക്കപ്പെടുന്നത് കണ്ടുനിന്ന് അവസാനം സ്വയം രക്തസാക്ഷിത്വം വരിച്ച വേദസാക്ഷിണിയായ മർത്ത് ശ്മോനിയെക്കുറിച്ച് വിശുദ്ധഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നത് ഇപ്രകാരമാണ്: “ശ്രേഷ്ഠമായ വിശ്വാസദാർഢ്യത്തോടെ സ്ത്രീസഹജമായ വിവേചനാശക്തിയെ പുരുഷോചിതമായ ധീരതകൊണ്ട് ബലപ്പെടുത്തിയവൾ”. സവിശേഷമായ പ്രശംസയും സംപൂജ്യമായ സ്മരണയും അർഹിക്കുന്ന ഈ വന്ദ്യമാതാവ് തന്റെ മക്കളാകുന്ന ഏഴു തിരികൾ വഹിക്കുന്ന വിളക്കുകാലായി നമ്മുടെ ദൈവാലയങ്ങളിൽ പ്രകാശം ചൊരിഞ്ഞ് നിലകൊള്ളുമ്പോൾ നമുക്ക് ആ വിശ്രുത സഹദാമാരുടെ മാധ്യസ്ഥ്യം യാചിക്കാം.

സി. റോസ്‌ലിൻ എസ്.എസ്.റ്റി
ചങ്ങനാശ്ശേരി

സീറോമലബാർ ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്, കാക്കനാട്

13-08-2021

Read More:www.syromalabarliturgy.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

pngtree.com

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information
regarding this text Please contact:
*info@thecmsindia.org*
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART